
എ.എം.എൽ.പി. സ്കൂൾ പരിച്ചകം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## A M L P SCHOOL ,PARICHAKAM
## ACADEMIC MASTER PLAN



Scanned with OKEN Scanner

## ആമുഖം

പരിച്ചകം എ.എം.എൽ.പി. സ്കൂളിന്റെയും പരിച്ചകം ദേശത്തിന്റെയും നാനവിധത്തിലുള്ള പുരോഗതിയെ ലക്ഷ്യമാക്കികൊണ്ട് വരും വർഷങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നതിനെക്കുറിച്ചുള്ള ഒരു കരട് രൂപമാണ് P.T.A , M.T.A, O.S.A, S.M.C, S.R.G, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹായത്തോടെ തയ്യാറാക്കിയിരിക്കുന്നതാണ് ഈ മാസ്റ്റർ പ്ലാൻ.

Scanned with OKEN Scanner

## സ്കൂൾ ചരിത്രം

മാറഞ്ചേരി പഞ്ചായത്തിലെ പരി പരിച്ച കം ദേശത്ത് പന്ത്രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന പരിച്ചകം എ എം എൽ പി സ്കൂൾ 1925ലാണ് സ്ഥാപിതമായത്. പിന്നാക്കാവസ്ഥയിലുള്ള ഈ പ്രദേശത്തെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയങ്ങളിൽ ഒന്നാണ് ഇത് 1924 25 കാലഘട്ടത്തിൽ പരിച്ചകം നിവാസികൾ 75% വും കൂലിപ്പണിക്കാരും ബീഡി തൊഴിലാളികളും ആയിരുന്നു.കൊച്ചുകുട്ടികളെ ദൂരസ്ഥലത്ത് അയച്ച് പഠിപ്പിക്കാൻ ജനങ്ങൾക്ക് വിഷമമായ സാഹചര്യത്തിലാണ് ഈ പ്രദേശത്തെ പ്രമുഖ തറവാട് ആയ പയ്യപ്പുള്ളിയിലെ ബാപ്പു സാഹിബ് 1925 ൽ പരിച്ചകം സ്കൂൾ സ്ഥാപിച്ചത്

തുടക്കത്തിൽ കുട്ടികൾ കുറവായിരുന്നെങ്കിലും 74- 75കാലഘട്ടമായപ്പോഴേക്കും ഓരോ ക്ലാസിലും 75 കുട്ടികൾ വീതം ഉണ്ടായിരുന്നു 48 മുതൽ പി പി മാസ്റ്റർ ആയിരുന്നു സ്കൂളിന്റെ മാനേജർ 2016 ഏപ്രിൽ അദ്ദേഹം മരണപ്പെടുകയും നിലവിൽ പൊന്നാനി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആണ് സ്കൂളിന്റെ താൽക്കാലിക മാനേജർ.
വിളക്കാത്ര കണ്ണൻ മാസ്റ്റർ,ഇ പി നാരായണൻ മാസ്റ്റർ, നാരായണി ടീച്ചർ, വള്ളി ടീച്ചർ അബു മാസ്റ്റർ ഐപി മാധവ പണിക്കർ വാസുദേവൻ പിള്ള അമ്മുട്ടി മൗലവി ,ചാന്ദ് ബീഗം, വി. ഐ
ആനി,പി എം ഉമ്മു , കെ കെ റീത്ത എന്നീ അധ്യാപകർ ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്
കൂടാതെ പ്രധാനാധ്യാപകരായി പി കെ ഇന്ദിര,കെ കെ ജയകുമാർ, വി വി കോമളവല്ലി, പി എം ഫാത്തിമ, സി വി മേരി എന്നിവരും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1981 ജൂൺ മുതൽ 2 3 4 എന്നീ ക്ലാസുകൾക്ക് ഡിവിഷൻ ക്ലാസുകൾ കിട്ടി. 82 ൽ ഒന്നാം ക്ലാസും ഡിവിഷനായി .ഉന്നൽ ടീച്ചർ അടക്കം 11 അധ്യാപകർ ഈ സ്കൂളിൽ പഠിപ്പിച്ചിരുന്നു 1998 മുതൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരണം കാരണം ക്ലാസ് ഡിവിഷനുകൾ ഓരോന്നായി കുറയുകയും പിന്നീട് നാല് ക്ലാസ്സുകളായി മാറുകയും ചെയ്തു.
എന്നാലും പിന്നീടുള്ള വർഷങ്ങളിൽ കൂട്ടായ ശ്രമങ്ങളുടെ ഭാഗമായി ഉള്ള കുട്ടികൾക്ക് പഠനത്തിന് ആവശ്യമായ കമ്പ്യൂട്ടറുകൾ ലൈബ്രറി ക്ലാസ് മറ്റ് അനുബന്ധ സൗകര്യങ്ങൾ എല്ലാം മെച്ചപ്പെടുത്തിക്കൊണ്ട് പൊന്നാനി ഉപജില്ലയിലെ മറ്റ് സ്കൂളുകൾക്ക് ഒട്ടും പിറകില്ലാത്ത രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ് ഈ വിദ്യാലയം സമൂഹത്തിന്റെ വിവിധ തലങ്ങളിൽ സമുന്നതരായ വ്യക്തിത്വങ്ങളെ സംഭാവന ചെയ്ത ഈ വിദ്യാലയം 2018 ൽ അതിന്റെ" നവതി" 2025 ൽ "ശതാബ്ദി" എന്നിവ സാമൂഹ്യപങ്കാളിത്തത്തോടെ വിവിധ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി

## നിലവിലെ അവസ്ഥ

പരിച്ചകം എ എം എൽ പി സ്കൂളിൽ 2025 26 അധ്യായന വർഷത്തിൽ ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിൽ 75 കുട്ടികളും പ്രീപ്രൈമറിയിൽ 25 കുട്ടികളും അടക്കം നൂറു കുട്ടികൾ പഠനം നടത്തുന്നുണ്ട്

2021 22 മുതൽ വിദ്യാലയത്തിൽ പ്രധാനാധ്യാപകനായി ശ്രീകാന്ത് വികെയും സഹാധ്യാപകരായി ശിവജ ടിവി, മാജിദ എം അലി എന്നിവരും ദിവസ വേതന
അടിസ്ഥാനത്തിൽ ഷീജ കെ, നിമ്മി കെ പി എന്നിവരും ജോലി ചെയ്യുന്നു .

Scanned with OKEN Scanner

പ്രൈമറി അധ്യാപകരായി സനിത ടി യും ലീല.വിയും സേവനമനുഷ്ഠിക്കുന്നുണ്ട്.

2016 ഏപ്രിൽ മാസത്തിൽ നിലവിലെ മാനേജർ മരണമടഞ്ഞത് ആണ് ഞങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. പുതിയ നിയമനങ്ങൾ നടത്താനോ,ജീർണ്ണിച്ച കെട്ടിടങ്ങൾ പുനർനിർമ്മിക്കാനോ ആരുമില്ലാത്തതിനാൽ വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട് സ്കൂളിന് സ്വന്തമായി റോഡില്ലാത്തതും ചുറ്റും മതിലില്ലാത്തതും വലിയ പ്രയാസം ഉണ്ടാക്കുന്നുണ്ട്.

നിലവിൽ ഓഫീസുറൂമടക്കം 6 ക്ലാസ് റൂമുകൾ ഉണ്ട് വിദ്യാലയത്തിനോട് ചേർന്ന് ചെറിയൊരു പാചകപ്പുരയുണ്ട്.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആയി പ്രത്യേകം പ്രത്യേകം മൂത്രപ്പുരകളും കക്കൂസുകളും ഉണ്ട്.

ബിഎസ്എൻഎൽ കണക്ഷൻ പോയി

കെ ഫോൺ കണക്ഷൻ കിട്ടാത്തത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു.

എല്ലാ ക്ലാസിലും ഫാനുകളും കുടിവെള്ള സൗകര്യമുണ്ട് കൈറ്റിൽ ,നിന്ന് ലഭിച്ച രണ്ടു പ്രൊജക്ടറുകളും ലാപ്ടോപ്പുകളും പൂർവ്വ

Scanned with OKEN Scanner

വിദ്യാർത്ഥികളുടെ വകയായി മൈക്ക സെറ്റും വിദ്യാലയത്തിന് സ്വന്തമായിട്ടുണ്ട്. വിദ്യാലയത്തിന് അത്യാവശ്യമായ അലമാരകളും, മേശ, ഡസ്ക്ക് , ബഞ്ച് , കസേരകൾ എന്നിവയും ഉണ്ട്.

നിലവിലുള്ള കെട്ടിടങ്ങൾ ഇനിയും സൗകര്യപ്രദമാക്കേണ്ടതായിട്ടുണ്ട്. പാചകപുര സ്കൂൾ കെട്ടിടത്തിൽ നിന്നും മാറ്റി പണിയേണ്ടതായിട്ടുണ്ട്. വിദ്യാലയത്തിന് ചുറ്റുമതിൽ ഇല്ലാത്തതും സ്റ്റേജ് ഇല്ലാത്തതും സ്കൂളിലേക്ക് സ്വന്തമായി ഒരു റോഡ് ഇല്ലാത്തതുമാണ് ഇപ്പോൾ ഈ വിദ്യാലയം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങൾ.

പൊതുവെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെട്ടതാണ്. PTA യുടേയും MTA യുടേയും OSA യുടേയും SSG യുടേയും പൊതു സമൂഹത്തിന്റെയും പങ്കാളിത്തം വിദ്യാലയത്തിന്റെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിൽ ഒരു പരിധി വരെ സഹായകമായിട്ടുണ്ട്.

ഈ വിദ്യാലത്തിൽ ചെറിയ തോതിലെങ്കിലും ജൈവ വൈവിധ്യ പാർക്കും ഒരുക്കിയിട്ടുണ്ട്.

വിദ്യാലയത്തിലെ സ്ഥലപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടു തന്നെ പച്ചക്കറി കൃഷിയും നടത്തിവരുന്നുണ്ട്.

വിദ്യാലയത്തിലും പരിസരങ്ങളിലും ഒരു പരിധിവരെ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുവാനും ശ്രമിച്ചു വരുന്നുണ്ട്.

എല്ലാറ്റിലും ഉപരിയായി പൊതുവിദ്യാലയങ്ങൾ നാടിന്റെ സമ്പത്താണ് എന്ന സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ അധ്യാപകരുടേയും PTA യുടേയും പ്രവർത്തനഫലമായി സാധിച്ചു എന്നത് വലിയൊരു മികവായി ഞങ്ങൾ കരുതുന്നു.

Scanned with OKEN Scanner

# നന്ദി

പരിച്ചകം എ.എം.എൽ.പി. സ്കൂളിന്റെ പുരോഗതിയെ ലക്ഷ്യമാക്കി കൊണ്ട് ദീർഘവീക്ഷണത്തോടുകൂടി തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സഹകരിച്ച വാർഡ് മെമ്പർ, പി.ടി.എ പ്രസിഡണ്ട് , എം.ടി.എ. പ്രസിഡണ്ട് ഒ.എസ്.എ, എസ്.എസ്. ജി, എസ്.ആർ.ജി, എസ്.എം.സി മറ്റ് അഭ്യുദയകാംക്ഷികൾ എല്ലാവർക്കും നന്ദി.

Scanned with OKEN Scanner

മലയാളം – Academic Master plan

| പഠനപ്രവർത്തനത്തിന്റെ പേര് | പഠനപ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| അടിസ്ഥാന ഭാഷാ ശേഷി വികസനം | ചിത്രം നോക്കി പറയൽ പാട്ടുകളും കഥകളും പാടി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | ജൂൺ ജൂലൈ |
| മികവ് തെളിയിക്കൽ | ഓരോ ക്ലാസിലും മുൻപന്തിയിൽ നിൽക്കുന്ന കുട്ടികൾക്ക് ഭാഷ വിജ്ഞാനം, സാഹിത്യം കല എന്നിവയിലൂടെ പ്രവർത്തനങ്ങൾ | ജൂൺ മാർച്ച് |
| Digital News paper | എല്ലാ ദിവസവും സ്കൂൾ പത്രം | June - March |
| സമഗ്ര പോഷിണം ചിത്രമായ വ്യവഹാര രൂപത്തിലുള്ള ലേഖന മികവ് | ഭാഷ മേള, സർഗ്ഗ പ്രതിഭകളുടെ ലഘുപതിപ്പുകൾ വായന കോർണർ തയ്യാറാക്കൽ. | ജൂൺ- March |
| സർഗാത്മകതയെ തിരിച്ചറിയാം | വായന ദിനം, കഥ, കവിത, വായനക്കുറിപ്പുകൾ തയ്യാറാക്കൽ | മാസത്തിൽ ഒന്ന് |

Scanned with OKEN Scanner

| | | |
|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | സാഹിത്യകാരന്മാരെ കുറിച്ച് ഡോക്യുമെന്ററി പ്രദർശനം, പുസ്തക ശേഖരണവും പ്രദർശനവും<br>ചിത്ര ഗാലറി | ജൂൺ - മാർച്ച് |
| വായന പരിപോഷണം | നാടകവായന ( ഓരോരുത്തരും കഥാപാത്രങ്ങളുടെ സംഭാഷണം, അമ്മ വായന | ആഗസ്റ്റ് - മാർച്ച് |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ |
| വായന ശേഷി വളർത്തൽ | ക്ലാസ് വായന കൂടാരം, ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തൽക്കാലിക വായന. | ജൂൺ - മാർച്ച് |
| പാഠഭാഗവുമായി ബന്ധപ്പെട്ടവ | ക്ലാസ് മുറിയിൽ കലാകാരന്മാർ ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രദർശനം | വർഷത്തിലുടനീളം |
| സർഗോത്സവം ഭാഷാവികാസ ശേഷി വികസിപ്പിക്കൽ | കുട്ടികളുടെ സർഗ ശേഷി പ്രദർശനം | വർഷത്തിലുടനീളം |

Scanned with OKEN Scanner

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് മാസം / സമയം |
| --- | --- | --- |
| Nexus of Ideas | കുട്ടികളിൽ English ഭാഷ നൈപുണികൾ വികസിപ്പിക്കൽ | June – Feb |
| * English Magazine | ഓരോ Discourse-നെയും അടിസ്ഥാനമാക്കി ഒരു മാസം ഒരു Magazine eg. vocabulary, Description, conversation, Add more lines etc. puzzles | June – Feb |
| * Rhyme Time<br>* English Theatre | * കുട്ടികളിൽ ഭാഷ വികാസത്തിന് കുട്ടിപ്പാട്ടുകളും action songs-ഉം ക്ലാസിൽ അവതരിപ്പിക്കുന്നു.<br>* ഒന്നു മുതൽ നാല് വരെ ക്ലാസിലെ കുട്ടികളുടെ പാഠഭാഗങ്ങളിലെ skit, drama, role play, story, poem, rhymes (dialogue) - ഇവ അവതരിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുന്നു.<br>* ഇംഗ്ലീഷിലെ ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാണാനും കേൾക്കാനും വേദിയൊരുക്കൽ | June – Feb |

Scanned with OKEN Scanner

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് |
| --- | --- | --- |
| * English Assembly | ആഴ്ചയിൽ ഒരു ദിവസം English day ആയി ആചരിക്കൽ, assembly-ൽ prayer, pledge, Thought for the day, എന്നിവ ഇംഗ്ലീഷിൽ അവതരിപ്പിക്കൽ. | June - March. |
| * English Fest | ഭാഷ പോഷിപ്പിക്കാനും, ധൈര്യമായി ഇംഗ്ലീഷ് സംസാരിക്കാനും വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കാനുള്ള വേദി ഒരുക്കൽ | Febuary last - |
| * Chain story | കുട്ടികളിൽ മലയാളം, ഇംഗ്ലീഷ്, ഭാഷ നൈപുണികൾ വളർത്തുന്നതിന് ഒരു കുട്ടി ഒരു കഥയുടെ തുടക്കം കുറിക്കുന്നു അടുത്ത ആൾ അതിന് തുടർച്ചയായി കഥ പറയുന്നു. ഇത്തരത്തിൽ കുട്ടികളിൽ സർഗാത്മക വളർത്തുന്നതിനും പൊതുവായുള്ള പ്രതിഭകളെ വളർത്തുന്നതിനും സഹായകമാകുന്നു | June - March |

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് |
|---|---|---|
| * Grammar — Game shows | Turn grammar rules into fun, interactive games eg games, | Throughout the year. |
| * കവിപരിചയം | വിവിധ ദിനാചരണങ്ങളുമായി. പാഠഭാഗവുമായി ബന്ധപ്പെട്ട് കവിയെ ക്ലാസിൽ അവതരിപ്പിക്കൽ. | June — March. |
| * വളരുന്ന ഗണിതപ്പെട്ടി / [illegible] | കുട്ടികളിൽ ഗണിതാശയങ്ങൾ ഉറപ്പിക്കാനും ഗണിതപഠനം രസകരമാക്കാനും വേണ്ടി കുട്ടികൾ ഇവയിൽ, ..., ഗണിത ... etc അടങ്ങിയ വളരുന്ന ഗണിതപ്പെട്ടി | June — March. |
| * ഗണിത മാഗസിൻ | പാഠഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തി മാഗസിൻ നിർമ്മാണം, ... ഗണിതകളികൾ, puzzles, geometric pattern etc. | June — March. |

| പഠനപ്രവർത്തനത്തിന്റെ പേര് | പഠനപ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഗണിത ശാസ്ത്രജ്ഞരെ അറിയാം (അസംബ്ലി) (പൈതഗോറസ്, [illegible] ആര്യഭട്ടൻ) | ശാസ്ത്രജ്ഞരെ കുറിച്ച് അസംബ്ലിയിൽ കുറിപ്പ് അവതരിപ്പിക്കൽ. | June - Feb |
| TLM workshop. | വിവിധ വിഷയങ്ങളുടെ പഠനം രസകരമാക്കുന്നതിനായി വിഷയാധിഷ്ഠിതമായി പഠനോപകരണ നിർമ്മാണ ശില്പശാല | June - March. |
| IT @ school | ഇന്റർനെറ്റ് പ്രവർത്തനങ്ങൾ 'Ubuntu' ഉപയോഗിച്ച് പരിചയപ്പെടുത്താനും, IT ഉപകരണങ്ങൾ ഉപയോഗിച്ച് | June - March. |
| [illegible] | സമൂഹത്തിലെ വിവിധ മേഖലകളിലെ വ്യക്തികളെ അറിയാനും മനസ്സിലാക്കാനും അവ ജീവിതത്തിൽ പ്രാവർത്തികമാക്കാനും (നല്ല പാഠം) | June - March. |

| പഠനപ്രവർത്തനത്തിന്റെ പേര് | പഠന പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| * പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം | June - March. |
| * പൂന്തോട്ടം ഒരുക്കാം. | • സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• | ജൂൺ - മാർച്ച് |
| * ഒരു തൈ നടാം | • പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ | ജൂൺ - |
| | • ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം | ജൂൺ - മാർച്ച്. |
| * ദിനകൃത്യങ്ങൾ ശീലമാക്കാം. | • ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരുന്നതിനുള്ള ബോധവൽക്കരണം<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ക്ലാസിലെയും കുട്ടികൾ വ്യക്തി ശുചിത്വം പാലിച്ചിട്ടുണ്ടോ എന്ന് പരിശോധന | ജൂൺ - മാർച്ച് |

| | | |
|---|---|---|
| • പോസ്റ്റർ നിർമ്മാണം | • മര സംരക്ഷണം<br>• ജലം പാഴാക്കരുത്<br>• പരിസര മലിനീകരണം ശുചിത്വം<br>• വ്യക്തി ശുചിത്വം<br>• ആഹാര ശീലങ്ങൾ<br>• രോഗങ്ങളെ പ്രതിരോധിക്കാം<br>• വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് | ജൂൺ To മാർച്ച് |
| • ഫീൽഡ് ട്രിപ്പ് | • നമ്മുടെ നാടിനെ, പരിസരത്തെ അടുത്തറിയാനായി. (കുളം, വയൽ, കാവ്, etc.) | June |
| • Little Scientist | • ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടൽ.<br>• അസംബ്ലിയിൽ അവതരണം<br>• [illegible]കൾക്ക് മുന്നിലായി | June - F |

| | | |
|---|---|---|
| • അത്ഭുത യാത്ര | • ICT യുടെ സാധ്യത ഉപയോഗിച്ച് ശാസ്ത്രാത്ഭുതങ്ങൾ കുട്ടികളിലേക്ക് എത്തിക്കൽ. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, പ്രപഞ്ചം, ബഹിരാകാശം, ലോകാത്ഭുതങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തൽ. | June - March |
| • ഉപകരണനിർമ്മാണം. | • കോമ്പസ്, ത്രാസ്. | February |
| • ശാസ്ത്ര പതിപ്പ് | • ശാസ്ത്രവുമായി ബന്ധപ്പെട്ട, പാട്ട്, വിവരണം, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട്. | September |
| • ലോക്കൽ ടെസ്റ്റ് നിർമ്മാണം. | • സ്വന്തം നാടിനെ അറിയാൻ വേണ്ടി. | March. |

| | | |
|---|---|---|
| | മുഴുവൻ കുട്ടികളും ഒരു പ്രദർശനം നടത്തൽ. Exhibition. | |
| • വാന നിരീക്ഷണം. | • ഡോക്യുമെന്ററിയുടെ സഹായത്തോടെ വാനം നിരീക്ഷിക്കാം. | December. |
| • കർഷകനെ അറിയാം. | • സ്കൂളിന് സമീപത്തുള്ള ഒരു കർഷകനുമായി സംവദിക്കാനുള്ള അവസരം. | ഓഗസ്റ്റ്. |
| • ശാസ്ത്ര വിസ്മയ ചുമർ. | • ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമിക്കുന്നു. | ഒക്ടോബർ |

Scanned with OKEN Scanner

അറബിക് മാസ്റ്റർ പ്ലാൻ.

| പരിപാടികൾ | പ്രവർത്തന രീതി | കാലയളവ് |
|---|---|---|
| വക്ത്തൽ അമൽ പ്ലാറ്റ്ഫോം | കുട്ടികളിൽ അറബിഭാഷ വളർത്തുന്നതിനും ധൈര്യമായി ഭാഷ കൈകാര്യം ചെയ്യുന്നതിനു വേണ്ടി കുട്ടികൾക്ക് വിവിധതരത്തിലുള്ള കലാപരിപാടികൾ അവതരിപ്പിക്കാനുള്ള വേദി എല്ലാ മാസത്തിലും ഒരുദിവസം അവസരം നൽകുന്നു. | ജൂൺ - മാർച്ച് |
| അറബിക് അസംബ്ലി | ആഴ്ചയിൽ ഒരുദിവസം 'അറബിക് Day' ആയി ആചരിക്കൽ, എല്ലാ വെള്ളിയാഴ്ചകളിലും അറബിക് അസംബ്ലിയിൽ Pledge, Prayer, Thought for the day എല്ലാം അറബിക് ഭാഷയിൽ അവതരിപ്പിക്കൽ. | ജൂൺ - മാർച്ച് |

Scanned with OKEN Scanner

| പരിപാടികൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| أنتاكشري<br>അന്താക്ഷരി | കുട്ടികളിൽ അറബി ഭാഷ നൈപുണികൾ വളർത്തുന്നതിന് ഒരു കുട്ടി ഒരു വാക്ക് പറയുമ്പോൾ ആ വാക്കിന്റെ അവസാനത്തെ അക്ഷരം കൊണ്ട് തുടങ്ങുന്ന മറ്റൊരു വാക്ക് അടുത്ത കുട്ടി പറയുകയും അതിന് തുടർച്ചയായി മറ്റു കുട്ടികളും അവതരിപ്പിക്കുന്നു. ഇതിലൂടെ കുട്ടികൾക്ക് ഭാഷയിൽ സ്വന്തമായി പദങ്ങൾ ഉണ്ടാക്കാനും പെട്ടെന്ന് പ്രതികരണ ശേഷി ആർജ്ജിച്ചെടുക്കുന്നതിനും കഴിയുന്നു. | ജൂൺ-മാർച്ച് |
| അറബിക് മാഗസിൻ | അറബിക്ക് അറബിക് club രൂപീകരണം വിശേഷപ്പെട്ട ദിവസങ്ങൾ എന്നിവ അടിസ്ഥാനമാക്കി അറബിക് മാഗസിൻ രൂപീകരിക്കുന്നു. | ജൂൺ-ഫെബ്രുവരി. |

Scanned with OKEN Scanner